**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4467** **19-07-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ .ഡി .പ്രസേനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ ആകെ എണ്ണം വ്യക്തമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 495 (പ്ലസ് വൺ പ്രവേശന നടപടികൾ ആരംഭിച്ചിട്ടില്ല) കുട്ടികളും, പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 620 കുട്ടികളും പഠിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ വർഷങ്ങളായി അദ്ധ്യാപക തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുണ്ടോ; | (ബി) | ഉണ്ട്.<br><br>പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള കുഴൽമന്ദം മോഡൽ റസിഡഷ്യൽ സ്കൂളിൽ HSST, HST തസ്തികകളിൽ താല്കാലികാടിസ്ഥാനത്തിൽ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ അട്ടപ്പാടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഇംഗ്ലീഷ്, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി, മലയാളം, സുവോളജി, ഫിസിക്സ്, ജ്യോഗ്രഫി, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബോട്ടണി, ഫിസിക്കൽ സയൻസ്, മ്യൂസിക്, സോഷ്യൽ സയൻസ്, എം.സി.ആർ.ടി എന്നീ തസ്തികകളിലും മലമ്പുഴ ആശ്രമം സ്കൂളിൽ ഇംഗ്ലീഷ്, മലയാളം, ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി എന്നീ തസ്തികകളിലും താത്കാലിക അധ്യാപകർ ജോലി ചെയ്തു വരുന്നുണ്ട്.<br><br>മേൽ പരാമർശിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാലും ഹൈസ്കൂൾ വിഭാഗത്തിൽ ഒഴിവുകൾ വരുമ്പോൾ വിദ്യാഭ്യാസ വകുപ്പിൽ നിന്നും അധ്യാപകരെ നിയമിക്കാൻ കാലതാമസം വരുമ്പോഴുമാണ് താല്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. |

| | | | |
|---|---|---|---|
| | | | തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | ഉണ്ടെങ്കിൽ ഏത് സ്ഥാപനത്തിലാണെന്നും തസ്തിക ഏതാണെന്നും പ്രസ്തുത തസ്തികയിൽ സ്ഥിര നിയമനം നടത്താത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ? | (സി) | ഉണ്ട്.<br><br>പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള കുഴൽമന്ദം മോഡൽ റസിഡഷ്യൽ സ്കൂളിൽ HSST, HST തസ്തികകളിൽ താല്ക്കാലികാടിസ്ഥാനത്തിൽ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ അട്ടപ്പാടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഇംഗ്ലീഷ്, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി, മലയാളം, സുവോളജി, ഫിസിക്സ്, ജ്യോഗ്രഫി, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബോട്ടണി, ഫിസിക്കൽ സയൻസ്, മ്യൂസിക്, സോഷ്യൽ സയൻസ്, എം.സി.ആർ.ടി എന്നീ തസ്തികകളിലും മലമ്പുഴ ആശ്രമം സ്കൂളിൽ ഇംഗ്ലീഷ്, മലയാളം, ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി എന്നീ തസ്തികകളിലും താത്കാലിക അധ്യാപകർ ജോലി ചെയ്തു വരുന്നുണ്ട്.<br><br>മേൽ പരാമർശിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാലും ഹൈസ്കൂൾ വിഭാഗത്തിൽ ഒഴിവുകൾ വരുമ്പോൾ വിദ്യാഭ്യാസ വകുപ്പിൽ നിന്നും അദ്ധ്യാപകരെ നിയമിക്കാൻ കാലതാമസം വരുമ്പോഴുമാണ് താല്ക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ